**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2163 **05.12.2018-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ പ്രസ്സുകൾ</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) | 2016-17 വർഷത്തെ പ്ലാൻ ഫണ്ട് പ്രകാരം എത്ര രൂപയാണ് സർക്കാർ പ്രസ്സുകൾക്ക് അനുവദിച്ചത്; ഇതിൽ എത്ര രൂപ ചെലവാക്കി; 2016-17 വർഷത്തേക്ക് അനുവദിച്ചിരുന്ന തുകയ്ക്കുള്ള മുഴുവൻ യന്ത്രങ്ങളും വാങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാൻ ശീർഷകത്തിൽ 6 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അച്ചടി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. അതിൽ 595.1 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. പ്രസ്തുത തുകയിൽ 3,33,44,267/- രൂപ (മൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി നാല്പത്തി നാലായിരത്തി ഇരുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. വാങ്ങിയ മെഷീനുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കരിമ്പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ; എത്ര രൂപയ്ക്ക് വാങ്ങി; ഏതെല്ലാം യന്ത്രങ്ങളാണ് വാങ്ങിയത്; | (ബി) | ഇല്ല. |
| (സി) | ഫുള്ളി ഓട്ടോമാറ്റിക് സ്റ്റിച്ചിംഗ് മെഷീനുകൾ പൂർണ്ണമായും ഓട്ടോമാറ്റിക് ആയിട്ടാണോ പ്രവർത്തിക്കുന്നത്; നിലവിൽ സർക്കാർ പ്രസ്സുകളിലെ ഓട്ടോമാറ്റിക് വയർ സ്റ്റിച്ചിംഗ് മെഷീനുകൾ ഗുണമേന്മയും ഉൽപ്പാദനക്ഷമതയും ഉള്ളതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (സി) | ഓട്ടോമാറ്റിക് ഹെവിഡ്യൂട്ടി സ്റ്റിച്ചിംഗ് മെഷീൻ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. ടി മെഷീൻ വിതരണം നടത്തിയ സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | 2000 ജനുവരി മുതൽ സർക്കാർ പ്രസ്സുകളിലും തിരുവനന്തപുരത്തെ സെൻട്രൽ പ്രസ്സിലും ആശ്രിത നിയമനം വഴി ജോലി ലഭിച്ചവരുടെയും പി.എസ്.സി വഴി നിയമനം ലഭിച്ചവരുടെയും വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (ഡി) | അച്ചടി വകുപ്പിൽ പി.എസ്.സി മുഖേന 1221 പേരെയും ആശ്രിത നിയമനം മുഖേന 17 പേരെയും നിയമിച്ചിട്ടുണ്ട്. |
| (ഇ) | തിരുവനന്തപുരത്തെ സർക്കാർ പ്രസ്സിൽ ആശ്രിത നിയമനം വഴി റൊട്ടേഷൻ തെറ്റിച്ച് നിയമനം നൽകിയതായ പരാതികളിൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഇ) | അത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# MACHINE PURCHASE 2016-2017 PLAN

| SL. NO: | ADMINISTRATIVE SANCTION NO. WITH DATE | NAME OF MACHINE |
|---|---|---|
| 1 | 45/17/H.Edn dtd., 10.01.2017 | Box Strapping Machine (4 Nos.) |
| 2 | 45/17/H.Edn dtd., 10.01.2017 | Printing Down Frame Machine (1 No.) |
| 3 | 45/17/H.Edn dtd., 10.01.2017 | Digital Duplicator (1 No.) |
| 4 | 45/17/H.Edn dtd., 10.01.2017 | Perfect Binding Machine (1 No.) |
| 5 | 45/17/H.Edn dtd., 10.01.2017 | A3 Size Printer with Scanner & Photo Copier (2 Nos.) |
| 6 | 45/17/H.Edn dtd., 10.01.2017 | Perfect Binding Machine (1 No.) |
| 7 | 45/17/H.Edn dtd., 10.01.2017 | RA1 Sheet Fed Offset Printing Machine (3 Nos.) |
| 8 | 45/17/H.Edn dtd., 10.01.2017 | Perfect Binding Machine (1 No.) |
| 9 | 45/17/H.Edn dtd., 10.01.2017 | Heavy Duty Punching Envelope Cutting Machine (1 No.) |
| 10 | 45/17/H.Edn dtd., 10.01.2017 | Programmable Paper Cutting Machine (1 No.) |
| 11 | 45/17/H.Edn dtd., 10.01.2017 | Programmable Paper Cutting Machine (1 No.) |
| 12 | 45/17/H.Edn dtd., 10.01.2017 | Programmable Paper Cutting Machine (2 No.) |
| 13 | 45/17/H.Edn dtd., 10.01.2017 | C T P Machine (1 No.) |
| 14 | 45/17/H.Edn dtd., 10.01.2017 | Computer (15 Nos.) |

| | | |
|---|---|---|
| 15 | 45/17/H.Edn dtd., 10.01.2017 | Perfect Binding Machine (1 No.) |
| 16 | 45/17/H.Edn dtd., 10.01.2017 | Sewing Machine (2 No.) |
| 17 | 45/17/H.Edn dtd., 10.01.2017 | Knife Grinding Machine (4 No.) |
| 18 | 45/17/H.Edn dtd., 10.01.2017 | Knife Grinding Machine (1 No.) |
| 19 | 45/17/H.Edn dtd., 10.01.2017 | Knife Grinding Machine (1 No.) |
| 20 | 45/17/H.Edn dtd., 10.01.2017 | Automatic Heavy Duty Stitching Machine (3 No.) |
| 21 | 45/17/H.Edn dtd., 10.01.2017 | Programmable Paper Cutting Machine (2 No.) |

Administrative Sanction Amount – 5.95 Crore

Expenditure - 3,33,44,267/-

സെക്ഷൻ ഓഫീസർ